"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കൊല്ലം കാഷ്യൂ സ്പെഷ്യൽ ഓഫീസിൽ സീനിയർ ക്ലർക്ക് തസ്തികയിൽ നിലവിൽ അന്യത്ര സേവനം അനുഷ്ഠിച്ചു വരുന്ന തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിന് കീഴിൽ മലപ്പുറം ജില്ലയിൽ സീനിയർ ക്ലർക്കായ ശ്രീമതി. രേഖ ആർ എസ് -ന്റെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.1049/2024/ID തീയതി,തിരുവനന്തപുരം, 30-10-2024

---

പരാമർശം:-

1. സ.ഉ.(സാധാ.) നം 1166/2022/വ്യവ. തീയതി 03/11/2022.
2. സ.ഉ.(സാധാ.) നം. 1095/2023/വ്യവ. തീയതി 26/10/2023.
3. സ്പെഷ്യൽ ഓഫീസർ (കാഷ്യൂ) & ചെയർമാൻ, കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി -യുടെ 14/10/2024 തീയതിയിലെ സി.291/2021/കാഷ്യൂ. സ്പെഷ്യൽ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിന് കീഴിൽ മലപ്പുറം ജില്ലയിൽ കാവനൂർ ഗ്രാമ പഞ്ചായത്തിൽ സീനിയർ ക്ലർക്കായിരുന്ന ശ്രീമതി. രേഖ ആർ എസ് -നെ പരാമർശം 1 സർക്കാർ ഉത്തരവ് പ്രകാരം കൊല്ലം കാഷ്യൂ സ്പെഷ്യൽ ഓഫീസിൽ സീനിയർ ക്ലർക്ക് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിച്ചിരുന്നു. പ്രസ്തുത അന്യത്ര സേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് ടിയാരിയുടെ അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ ടി അന്യത്ര സേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അത് പ്രകാരം ശ്രീമതി. രേഖ ആർ എസ് -ന്റെ നിലവിലെ അന്യത്ര സേവന കാലാവധി 02/11/2024 -ന് അവസാനിക്കുന്നതിനാൽ ടിയാരിയുടെ ഡെപ്യൂട്ടേഷൻ 03/11/2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി (3 -ാം തവണ) ദീർഘിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് കാഷ്യൂ സ്പെഷ്യൽ ഓഫീസർ പരാമർശം 3 കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ശ്രീമതി. രേഖ ആർ എസ് -ന്റെ മാതൃവകുപ്പായ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രവും ടിയാരിയുടെ അപേക്ഷയും കാഷ്യൂ സ്പെഷ്യൽ ഓഫീസർ അനുബന്ധമായി ലഭ്യമാക്കിയിരുന്നു.

2) മേൽ സാഹചര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിന് കീഴിൽ മലപ്പുറം ജില്ലയിൽ സീനിയർ ക്ലർക്കായ ശ്രീമതി. രേഖ ആർ എസ് -ന്റെ കൊല്ലം കാഷ്യൂ സ്പെഷ്യൽ ഓഫീസിൽ സീനിയർ ക്ലർക്ക് തസ്തികയിലെ അന്യത്ര സേവന കാലാവധി 03/11/2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി (3 -ാം തവണ) ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിജു ജേക്കബ്

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

സ്പെഷ്യൽ ഓഫീസർ (കാഷ്യു) & ചെയർമാൻ, കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി, കൊല്ലം.

ശ്രീമതി. രേഖ ആർ എസ്, സ്പെഷ്യൽ ഓഫീസ് (കാഷ്യു), കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (File No. K2/129/2024/ID).

ഉത്തരവിൻ പ്രകാരം

Signed by

Simi Jose V

സെക്ഷൻ ഓഫീസർ

Date: 30-10-2024 11:36:04